# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5010.

28-10-2016 ൽ മറുപടിയ്ക്ക്

## കരനെൽ കൃഷി

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കരനെൽ കൃഷിയുടെ സാദ്ധ്യതകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം വകുപ്പ് തലത്തിൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കരനെൽകൃഷിയുടെ സാധ്യതകളെ സംബന്ധിച്ച് പ്രത്യേക പഠനം വകുപ്പ് തലത്തിൽ നടത്തിയിട്ടില്ല. എന്നാൽ കേരള കാർഷിക സർവകലാശാല ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി നടത്തി വരുന്നു എന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 2663.196 ഹെക്ടർ സ്ഥലത്താണ് കരനെൽകൃഷി നടപ്പിലാക്കി യിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | കരനെൽ കൃഷിക്ക് ഉപയുക്തമാക്കാവുന്ന സർക്കാർ വക/സ്വകാര്യ തരിശു ഭൂമികളുടെ വിസ്തീർണ്ണം ജില്ലാടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇല്ല. എന്നാൽ കൃഷിഭവൻ തലത്തിൽ കരനെൽകൃഷി നടപ്പിലാക്കുവാൻ കർഷകരെ തിരഞ്ഞെടുത്ത് സമയബന്ധിതമായി പരിശീലനം നൽകി പരമാവധി കീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം കുറച്ച് കൂടുതൽ വിസ്തൃതിയിൽ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | സംസ്ഥാനത്ത് കരനെൽകൃഷി വ്യാപനത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് കരനെൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും 'കരനെൽകൃഷി വികസന പദ്ധതി' നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൃഷിഭവൻ തലത്തിൽ കരനെൽ കൃഷി നടപ്പിലാക്കുന്നതിനായുള്ള കർഷകരെ തിരഞ്ഞെടുത്ത് അവർക്ക് സമയബന്ധിതമായി പരിശീലനം നൽകി, പരമാവധി കീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം കുറച്ച്, മറ്റ് ജൈവ മാർഗ്ഗങ്ങളും അവലംബിച്ച് 2663.196 ഹെക്ടർ കര പ്രദേശത്ത് നെൽകൃഷി പുരോഗമിച്ചുവരുന്നു. 2016-2017 വർഷം 2560 ഹെക്ടറിൽ പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനായി 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിത്ത്, മറ്റുൽപ്പാദനോ പാദികളുടെ ചെലവ്, ഉഴവ് കൂലി എന്നിവക്കായി ഹെക്ടറിന് 13600/-രൂപ ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം കർഷകന്റെ പുരയിടം, സ്കൂൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, ദേവാലയങ്ങളുടെ പരിസരം, ജയിൽ പരിസരം തുടങ്ങി കരനെൽകൃഷി ചെയ്യാൻ സൗകര്യമുള്ള എല്ലാ പ്രദേശങ്ങളിലും കൃഷി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കരനെൽകൃഷി നടപ്പിലാക്കുന്നതിന്റെ ജില്ല തിരിച്ചുള്ള വിവരം

| നമ്പർ | ജില്ല | കരനെൽകൃഷി നടപ്പിലാക്കിയ വിസ്തൃതി(ഹെ) |
|---|---|---|
| 1 | തിരുവനന്തപുരം | 232 |
| 2 | കൊല്ലം | 320 |
| 3 | പത്തനംതിട്ട | 117 |
| 4 | ആലപ്പുഴ | 100 |
| 5 | കോട്ടയം | 113 |
| 6 | ഇടുക്കി | 6.276 |
| 7 | എറണാകുളം | 73.42 |
| 8 | തൃശ്ശൂർ | 591.4 |
| 9 | പാലക്കാട് | 196.6 |
| 10 | മലപ്പുറം | 200 |
| 11 | കോഴിക്കോട് | 477 |
| 12 | വയനാട് | 36.5 |
| 13 | കണ്ണൂർ | 100 |
| 14 | കാസർഗോഡ് | 100 |
| ആകെ | | 2663.196 |

സെക്ഷൻ ഓഫീസർ